(എ) കൊച്ചി വിഭാഗത്തിലെയും തിരുവിതാംകൂർ വിഭാഗത്തിലെയും പെൻഷൻഡ് ഉദ്യോഗസ്ഥന്മാക്ക് കൊടുക്കുന്ന ഡിയർനസ് അലവൻസിൽ എന്തെങ്കിലും വ്യത്യാസം ഇപ്പോഴും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് ഏകീകരിക്കുവാൻ ആലോചനയുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്. കൊച്ചി വിഭാഗത്തിലെയും തിരുവിതാംകൂർ വിഭാഗത്തിലെയും പെൻഷൻഡ് ഉദ്യോഗസ്ഥന്മാക്കു് നൽകിയിരുന്ന വിവിധ നിരക്കുകളിലുള്ള അലവൻസ് ഏകീകരിച്ചുകൊണ്ടു് 10-7-1954-ൽ ഗവണ്മെൻറ് ഉത്തരവു് പുറപ്പെടുവിച്ചു. 1-4-1954-നു ശേഷം പെൻഷനായിട്ടുള്ള ഉദ്യോഗസ്ഥന്മാക്കു് ഏകീകരിച്ച നിരക്കിൽ ആണു് പെൻഷൻ അലവൻസ് നൽകിവരുന്നതു്. എന്നാൽ ഏകീകരിച്ച നിരക്കിൽനിന്നു കൂടുതലായി കൊച്ചി വിഭാഗത്തിൽ ചില്ലർ മുമ്പു വാങ്ങിക്കൊണ്ടിരുന്ന അലവൻസ് തന്നെ തുടർന്നു വാങ്ങുന്നതിനു് അനുവദിച്ചിട്ടുണ്ടു്.

(ബി) ഇല്ല.

എൻ. ഇ. എസ്സ്. ബ്ലോക്കു് അഡൈവസറി കമ്മിറ്റികൾ.

* 845. [63] ശ്രീ. പി. കെ. കുഞ്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഇ. എസ്സ്. ബ്ലോക്കുകളിലേയ്ക്കു് അഡൈവസറി കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതു് ഏതിനുവേണ്ടിയാണു്; ഈ അഡൈവസറി കമ്മിറ്റികളുടെ ജോലികൾ എന്തൊക്കെയാണു്.

(ബി) എൻ. ഇ. എസ്സ്. ബ്ലോക്കുകളിലേയ്ക്കു് അനുവദിച്ചിട്ടുള്ള തുക ഓരോ പഞ്ചായത്തിനും എത്രയീതം വിതരണം ചെയ്യുന്നതു് എന്തു മാനദണ്ഡത്തിലാണു്;

(സി) ഇതു സംബന്ധിച്ചു് എന്തെങ്കിലും രീതിമാനങ്ങൾ ചെയ്യുവാൻ അഡൈവസറി കമ്മിറ്റികൾക്കു് അധികാരമുണ്ടോ;

(ഡി) എൻ. ഇ. എസ്സ്. ബ്ലോക്കു് അതിനിയിൽ ചെയ്യേണ്ടതായ പണികളുടെ പ്രയോറിറ്റി ലിസ്റ്റ് തീരുമാനിക്കുന്നതിനുള്ള അവകാശം അഡൈവസറി കമ്മിറ്റികൾക്കു് വിട്ടുകൊടുക്കുന്ന കാര്യവും അതിനുശേഷം കമ്മിറ്റി ചെയ്യുന്ന തീരുമാനങ്ങൾ മാറ്റം വരുത്താതെയിരിക്കുന്നകാര്യവും ഗവണ്മെൻറ് പരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഒരു എൻ. ഇ. എസ്സ്. ബ്ലോക്കിനു് പല ഇനങ്ങളിലായി അനുവദിച്ചിട്ടുള്ള തുകകൾ ബ്ലോക്കു് അതിനിയിലെ പ്രാദേശികാവശ്യങ്ങളെ നിർണ്ണയിക്കാനും, അവയ്ക്കു് മുൻഗണനകൾ നൽകാനും ജോലികൾ ചെയ്യുന്ന കാര്യത്തിൽ ധനപരമായും മറ്റും പൊതുജനസഹകരണം സമ്പാദിക്കുവാനുമാണു്. ക്രമേണ സഹകരണാടിസ്ഥാനത്തിൽ, പൊതുപ്രവർത്തനങ്ങൾ ഗവണ്മെൻറിന്റെ സാങ്കേതിക സഹായത്തോടുകൂടി ജനങ്ങൾ തന്നെ ചെയ്യണമെന്നാണു് പരമമായ ഉദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

ഈ വക കാര്യങ്ങളിൽ ജനപ്രതിനിധികൾ എന്ന നിലയ്ക്ക് ഉപദേശക സമിതി അംഗങ്ങൾക്ക് ഗവണ്മെൻറ് പ്രതിനിധികളെ ഉപദേശിക്കേണ്ട ചുമതലയുണ്ട്.

(ബി) ഓരോ പ്രദേശത്തും പണം ചെലവാക്കുന്നതു് അവിടത്തെ പ്രാദേശികാവശ്യങ്ങളുടേയും, ഉപദേശകസമിതി നിശ്ചയിച്ചിരിക്കുന്ന മുൻഗണനകളുടേയും, പൊതുജനങ്ങളിൽനിന്നും ലഭിക്കാവുന്ന സഹകരണത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും.

(സി) ഗവണ്മെൻറിനെ ഉപദേശിക്കുവാൻ കമ്മിറ്റിക്കു് അധികാരമുണ്ട്.

(ഡി) കഴിയുന്നതും കമ്മിറ്റികളുടെ ശുപാർശ അനുസരിച്ചു് പ്രവർത്തിക്കുവാൻ യത്നിക്കുന്നതാണു്.

പ്രാദേശികാവശ്യങ്ങളെ സംബന്ധിക്കുന്ന കത്തുകൾ.

* 846. [68] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം., എൽ. എ. മാർ പ്രാദേശികാവശ്യങ്ങളേയും മറ്റും സംബന്ധിച്ചു് ഗവണ്മെൻറിലേയ്ക്കു് അയയ്ക്കുന്ന കത്തുകൾക്കു് മറുപടി കൊടുക്കുമ്പോൾ ആവശ്യപ്പെട്ട കാര്യം സംബന്ധിച്ചു്—അവയുടെ മുഴുവൻ സ്വഭാവത്തേയും സംബന്ധിച്ചു്—വിവരം നൽകുന്ന ഏർപ്പാടു് ഉണ്ടോ;

(ബി) ഇല്ലെങ്കിൽ മറുപടിയിൽ ഓരോ കാര്യത്തേയും വിശദമായ വിവരണങ്ങളടക്കം ആ വക കാര്യങ്ങളിൽ എന്തു പ്രവർത്തിച്ചു എന്നുകൂടി എഴുതി അയപ്പിക്കാൻ നിർദ്ദേശം കൊടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കഴിവുള്ളിടത്തോളം വിശദമായ വിവരങ്ങളടങ്ങിയ മറുപടികൾ അയയ്ക്കുന്നുണ്ടു്.

(ബി) അതാതു വിഷയങ്ങളുടെ സ്വഭാവം അനുസരിച്ചു്, യുക്തമായ മറുപടി അയയ്ക്കുന്നതിനു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

പുതിയ സ്കൂളുകൾ.

* 847. [70] ശ്രീ. എം. എം. ആൻറണി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പുതുതായി അനുവദിച്ച സ്കൂളുകൾ എത്ര;

(ബി) ഈ സ്കൂളുകൾ അനുവദിക്കുന്നതിൽ സ്വീകരിച്ച മാനദണ്ഡം എന്താണു്;

(സി) കോതകുളങ്ങര വില്ലേജിൽ കിടങ്ങർ എന്ന സ്ഥലത്തു് ഒരു പ്രൈമറിസ്കൂൾ അനുവദിക്കുന്നതിനു് പഞ്ചായത്തിൽനിന്നും അപേക്ഷിക്കുകയുണ്ടായിട്ടു് അതു് അനുവദിക്കാതിരുന്നതിന്റെ കാരണമെന്താണു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 106.

(ബി) ചുറ്റുപാടുമുള്ള സ്കൂളുകളുടെ ദൂരം, അപേക്ഷകരുടെ സാമ്പത്തികസ്ഥിതി, സ്കൂളിന്റെ ആവശ്യകത മുതലായവ പരിഗണിച്ചാണു് പുതിയ സ്കൂളുകൾ അനുവദിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly